കണ്ണൂർ, തലശ്ശേരി മുനിസിപ്പാലിറ്റികളിലെ ശുദ്ധജലവിതരണത്തിന് പുതിയ വല്ല പദ്ധതിയുമുണ്ടോ?

ഉത്തരം

ഉണ്ട്. വിപുലമായ ഒരു ആഗ്മെന്റേഷൻ പദ്ധതിക്കുള്ള ഇൻവെസ്റ്റിഗേഷൻ പുരോഗമിച്ചുവരുന്നു. എന്നാൽ ഇതിന് കാലതാമസം വരുന്നതിനാൽ 1.75 കോടി രൂപ ചെലവിൽ ഒരു ഇടക്കാല വിപുലീകരണ പദ്ധതിയുടെ പണികൾ പുരോഗമിച്ച് വരുന്നു. ഇതിന് പുറമേ നഗരാതിർത്തിക്കുള്ളിൽ പല സ്ഥലങ്ങളിലായി കുഴൽ കിണറുകൾ കുഴിച്ച് നിലവിലുള്ള ജലവിതരണ ശേഷി വർദ്ധിപ്പിക്കാനും പദ്ധതിയുണ്ട്.

ചാലക്കുടിയിലെ കുഴൽക്കിണർ

114 [319] ശ്രീ. കെ. ജെ. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നിയോജകമണ്ഡലത്തിൽ 1983–84, 1984–85 എന്നീ വർഷങ്ങളിൽ എത്ര കുഴൽക്കിണർ കുഴിച്ചു എന്ന് പറയാമോ;

(ബി) ഇതിൽ എത്രയെണ്ണത്തിൽ വെള്ളം ആവശ്യത്തിന് കിട്ടുന്നുയെന്ന് വ്യക്തമാക്കാമോ;

(സി) ഈ വെള്ളം ഫലപ്രദമായി ഉപയോഗിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) ചാലക്കുടി നിയോജകമണ്ഡലത്തിൽ എത്ര ഹരിജൻ കോളനികളിൽ കുഴൽ കിണർ കുഴിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 1983–84-ൽ ചാലക്കുടി നിയോജകമണ്ഡലത്തിൽ 12 കുഴൽക്കിണറുകൾ കുഴിക്കുകയുണ്ടായി. 1984–85-ൽ കുഴിക്കുകയുണ്ടായില്ല.

(ബി) ഇതിൽ 11 എണ്ണത്തിൽ ശുദ്ധജലം ലഭ്യമായിട്ടുണ്ട്.

(സി) നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.

(ഡി) ചാലക്കുടി നിയോജകമണ്ഡലത്തിൽ 4 ഹരിജൻ കോളനികളിൽ കുഴൽക്കിണറുകൾ കുഴിച്ചിട്ടുണ്ട്.

മൺട്രോ തുരുത്ത് പഞ്ചായത്തിലെ മുതിരം പറമ്പിലേക്ക് ശുദ്ധജലമെത്തിക്കാൻ നടപടി

115 [320] ശ്രീ. തോപ്പിൽ രവി: താഴെ കാണുന്ന ചോദ്യത്തിന് ജലസേചന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

മൺട്രോ തുരുത്ത് പഞ്ചായത്തിലെ മുതിരംപറമ്പിലേക്ക് ശുദ്ധജലമെത്തിക്കണമെന്ന ആവശ്യത്തിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

പ്രസ്തുത സ്ഥലത്തേക്ക് ശുദ്ധജല വിതരണം നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly